ഇതൊരു പ്രഭാഷണമല്ല.

എൺപതുകളുടെ ആദ്യപാദത്തിൽ, പഠനത്തിനോടൊപ്പം തന്റെ ചുറ്റുപാടുകളെയും നോക്കിക്കാണാൻ ഒരു ചെറുപ്പക്കാരന് പ്രചോദനം നൽകിയ രണ്ടു പുസ്തകങ്ങളുടെ പുനർവായന മാത്രമാണിത്.

ഏതാണ്ട് മുപ്പത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ് വായിച്ച പുസ്തകങ്ങൾ. അവയെഴുതിയവർ ആരെന്നറിയാതെ ഗ്രാമഗ്രാമാന്തരങ്ങളിൽ സഞ്ചിയിൽ പേറിയ പുസ്തകങ്ങൾ വീടുകളിൽ വിറ്റ് (പ്രചരിപ്പിച്ച് എന്നത് ശരിയായ പദം!), ചെറു കൂട്ടായ്മകളിൽ ക്ലാസ്സെടുത്തു നടന്ന കാലം. കേരളത്തിലെ സമ്പത്തിനെക്കുറിച്ച് നടത്തിയ 30000 ക്ലാസ്സുകളിൽ അതും കണക്കാക്കപ്പെട്ടിട്ടുണ്ടാകാം.

രണ്ടു പുസ്തകങ്ങൾ - കേരളത്തിന്റെ സമ്പത്ത്, കേരളത്തിലെ കൃഷി, കേരള വിജ്ഞാന ചരിത്രത്തിലെ സുപ്രധാനമായ കൃതികൾ! രണ്ടു പുസ്തകങ്ങളുടേയും ഗ്രന്ഥകർത്താക്കളിലൊരാളായ വ്യക്തിയെ എത്രയോ കാലത്തിനുശേഷം 1996 ൽ സംസ്ഥാന ആസൂത്രണ ബോർഡിൽ വച്ചു പരിചയപ്പെട്ടു. ആ ചിരിയും എടോ എന്ന വിളിയും. നീണ്ട അഞ്ചു വർഷങ്ങൾ! അഭിപ്രായങ്ങൾ ഒരു ചെറുപുഞ്ചിരിയോടെ വെട്ടിത്തുറന്നു പറയുന്നതിൽ പ്രത്യേകമായ ചാതുര്യം. അഭിപ്രായങ്ങൾക്ക് ഇന്നും പ്രസക്തി! അതായിരുന്നു ഡോ. ശ്യാമസുന്ദരൻ നായർ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ത്രീകളും കാർഷിക കേരളത്തിന്റെ ഭാവിയും

ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

കേരളത്തിലെ കാർഷികമേഖല ഗുരുതരമായ വളർച്ചാ മുരടിപ്പിന് സാക്ഷ്യം വഹിക്കുവാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കു പ്രകാരം 2012-13 ൽ 1.43 ശതമാനമായിരുന്ന വളർച്ചാ നിരക്ക് പിൻവർഷങ്ങളിൽ -6.3 (2013-14), -1.09 (2014-15), -2.9 (2015-16) എന്നിങ്ങനെ താഴേക്കു നീങ്ങി. മഴയുടെയും മഴക്കാലങ്ങളുടെയും അനിശ്ചിതാവസ്ഥയും കമ്പോളത്തിലെ കയറ്റിയിറക്കങ്ങളും അനുകൂലമല്ലാത്ത വില നിലവാരവുമൊക്കെ ഉയർത്തുന്ന ഭീഷണിക്കുമപ്പുറമാണ് കാലാവസ്ഥാ വ്യതിയാനവുമുളവാക്കുന്നത്.

പ്രാദേശികതലത്തിൽ കാരണങ്ങളന്വേഷിച്ചാൽ ഇതിലുമധികം അഭിപ്രായങ്ങളുണ്ടാവും. പല കാരണങ്ങൾ കൊണ്ടും മറ്റു മേഖലകൾ തേടിപ്പോയ കർഷകർ, കാർഷികവൃത്തിയിലേക്ക് വരാൻ മടിക്കുന്ന അഭ്യസ്ഥവിദ്യർ, കാർഷകത്തൊഴിലാളികളുടെ അഭാവം തുടങ്ങിയത് അവയിൽ ചിലതു മാത്രം.

1976 ൽ "കേരളത്തിൻറെ സമ്പത്ത്" എന്ന ചരിത്ര പ്രസിദ്ധമായ പുസ്തകത്തിൽ ഡോ. ശ്യാമസുന്ദരൻ നായരും ഡോ. എം.പി. പരമേശ്വരനും ഇങ്ങനെ എഴതി : "നമ്മുടെ കൃഷിഭൂമിയിൽ ഇപ്പോൾതന്നെ താങ്ങാൻ വയ്യാത്തതിലധികം തൊഴിലാളികളുണ്ട്. അവരുടെ എണ്ണമോ തൊഴിൽ ദിവസങ്ങളുടെ എണ്ണമോ വർദ്ധിപ്പിക്കുക സാമ്പത്തിക നിയമങ്ങൾക്ക് നിരക്കുന്നതല്ല. അതേസമയം നമ്മുടെ കൃഷിഭൂമിക്ക് ഇപ്പോഴുള്ളതിന്റെ ഇരട്ടിയോ മൂന്നു മടങ്ങോ അദ്ധ്വാനത്തെക്കൂടി ഉൾക്കൊള്ളാനുള്ള കഴിവുണ്ട്". ഇതിനർത്ഥമെന്തെന്ന ചോദ്യത്തിനുള്ള മറുപടിക്കുമുമ്പ് മറ്റു ചില കാര്യങ്ങളിലേക്ക് കടക്കാം.

73-ാം ഭരണഘടനാഭേദഗതിയും തുടർന്നുള്ള കേരള പഞ്ചായത്ത് രാജ് നിയമവും കേരളത്തിലെ പ്രാദേശിക ഭരണരംഗത്ത് മാറ്റങ്ങൾ സൃഷ്ടിച്ചു. തുടർന്ന് ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം

വികസനരംഗത്ത് വ്യത്യസ്ഥമായ കുതിപ്പിന് അടിത്തറയിട്ടു. കൃഷി, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ വിഷയങ്ങളെല്ലാം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലായി എന്നു മാത്രമല്ല പങ്കാളിത്ത പദ്ധതി രൂപീകരണ-നിർവ്വഹണ പ്രവർത്തനങ്ങളിലൂടെ ഈ മേഖലകളിലെല്ലാം പ്രാദേശികമായി ഇടപെടാനുള്ള അവസരവുമൊരുങ്ങി.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് കാർഷികമേഖലയിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു എന്നു പറയാനാകില്ല. മുരടിച്ചോ തകർന്നുകൊണ്ടോയിരിക്കുന്ന കാർഷികരംഗം, ആഗോള കമ്പോള വ്യവസ്ഥ ഉയർത്തുന്ന ഭീഷണികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കിടപെടാനുള്ള സാധ്യതകളെക്കുറിച്ചുള്ള അജ്ഞത, സാങ്കേതിക വൈദഗ്ധ്യത്തിലെ അഭാവം തുടങ്ങി പ്രാദേശികാസൂത്രണത്തിൽ തന്നെ തുടക്കക്കാർ എന്നതടക്കമുള്ള ഒട്ടേറെ കാരണങ്ങൾ ചൂണ്ടിക്കാട്ടാനാവും. അതതു പ്രദേശത്തെ പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പരിപാടികൾ ആസൂത്രണം ചെയ്യാനുള്ള നൈപുണ്യമില്ലായ്മ കൊണ്ടെത്തിച്ചത് പലപ്പോഴും വാർപ്പ് മാതൃകയിലേക്കാണ്. അതിനാൽ തന്നെ ഫലവുമുണ്ടായില്ല. എന്നാൽ, പിൽക്കാലത്തെ അനുഭവങ്ങൾ വ്യത്യസ്ഥമാണ്. ആലപ്പുഴയിലെ കഞ്ഞിക്കുഴിയും കോഴിക്കൊട്ടെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ സുഭിക്ഷ പദ്ധതിയുമെല്ലാം മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രചോദനമായി.

കേരളത്തിൻറെ സമ്പത്ത് എന്ന പുസ്തകത്തിൽ ഡോ. ശ്യാമസുന്ദരൻ നായരും ഡോ. എം.പി. പരമേശ്വരനും കാർഷിക പുരോഗതിക്കുള്ള തന്ത്രത്തെ ക്രോഡീകരിച്ചുകൊണ്ട് ഇങ്ങനെ എഴുതി :

"……………… കൃഷിയിടങ്ങളെ സഹകരണാടിസ്ഥാനത്തിൽ ഭൗതികമായി സംയോജിപ്പിച്ച് ഏകീകൃതവും പൂർണ്ണമായി നിയന്ത്രിതവുമായ രീതിയിൽ കൃഷി നടത്തുക. ജലസേചനം, വളം, കീടനാശിനികൾ മുതലായവ ലഭിക്കുമെന്ന് ഉറപ്പുവരുത്തുക. ആവശ്യമായ വായ്പകൾ ലഭ്യമാക്കുക. കാർഷികോൽപ്പന്നങ്ങളുടെ 'വിപണന സൗകര്യം' മെച്ചപ്പെടുത്തി, വ്യവസായ മേഖലയുമായുള്ള മത്സരത്തിൽ കൃഷിക്കാരനുള്ള ദൗർബല്യം പരിഹരിക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിയ പരിപാടികളെല്ലാം ഏതാണ്ട് ഈ ദിശയിലായിരുന്നില്ലേ?

മുമ്പ് ഞാൻ സൂചിപ്പിച്ചതുപോലെ കർഷകരില്ല, കർഷകത്തൊഴിലാളിയില്ല, അഭ്യസ്ഥവിദ്യർ കൃഷിയിൽ തല്പരരല്ല എന്നതൊക്കെ കാർഷികരംഗത്തെ മുരടിപ്പിന് കാരണമാണ്. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ ചില പരിപാടികളെങ്കിലും ഇതിന് ബദലായി മാറി എന്നു കാണാം. നിരവധി ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച കാർഷിക കർമ്മസേന പരിശോധിക്കുക. വെറും കൂലിക്കാരായ കർഷകത്തൊഴിലാളിയിൽ നിന്നും 'കാർഷിക കർമ്മസേന'യായി മാറിയപ്പോഴുള്ള വ്യത്യാസം ശ്രദ്ധിക്കുക. യൂണിഫോമണിഞ്ഞ കാർഷിക കർമ്മസേനാ അംഗങ്ങളായി അഭ്യസ്ഥവിദ്യരായ സ്ത്രീയും-പുരുഷനും (പ്രത്യേകിച്ചും ചെറുപ്പക്കാർ) രംഗത്തെത്തി. വിവിധ കാർഷിക യന്ത്രങ്ങളെ ചലിപ്പിക്കാൻ പുരുഷനൊപ്പം സ്ത്രീയുമെത്തി. ചേറിലും വരമ്പിലും പകലന്തിയോളം പണിയെടുക്കാൻ ഒരു പ്രത്യേക ജാതിവിഭാഗത്തെ മാത്രം നിയോഗിച്ചിരുന്ന കാലത്തിൽ നിന്നും എല്ലാ വിഭാഗങ്ങളും കാർഷിക കർമ്മസേനയുടെ കുപ്പായമണിഞ്ഞുതുടങ്ങി.

1978 ൽ ഡോ. ശ്യാമസുന്ദരൻ നായരും ഡോ. കെ.പി. കണ്ണനും കൂടി തയ്യാറാക്കിയ 'കേരളത്തിലെ കൃഷി' എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരുന്നു : "കൃഷി ഒരു പഴഞ്ചൻ ഏർപ്പാടാണ് എന്ന ധാരണ ഇവിടെ വളരെക്കാലം നിലനിന്നിരുന്നു. വ്യവസായ-വാണിജ്യ മേഖലകളിലെപ്പോലെ ശാസ്ത്രീയ വിജ്ഞാനവും വൈദഗ്ധ്യവും കൃഷിയിൽ പ്രയോഗിക്കപ്പെട്ടിട്ടില്ല ………… എന്നാൽ,

കൃഷിയുടെ സാമ്പത്തികവും സാമൂഹികവുമായ പശ്ചാത്തലം പാടേ മാറുമ്പോൾ ഈ അവസ്ഥ മാറും, മാറണം. അതോടൊപ്പം, യഥാർത്ഥ കൃഷിക്കാരന്റെ അനുഭവങ്ങളും ആധുനിക ശാസ്ത്രത്തിന്റെ അറിവുകളും സമന്വയിക്കപ്പെടുമ്പോൾ, കൃഷി നിത്യനൂതനമായ ഔന്നിത്യങ്ങളിലേക്ക് നീങ്ങിത്തുടങ്ങും".

മുമ്പ് ഞാൻ സൂചിപ്പിച്ച കാർഷിക കർമ്മസേന ഈ സ്വപനത്തിലേക്കുള്ള പാതയിലല്ലേ? ചെറുപ്പക്കാർ കൃഷിയിലേക്ക് കടന്നുവരുന്ന, ശാസ്ത്രീയ വിജ്ഞാനവും വൈദഗ്ധ്യവും പ്രയോഗിക്കപ്പെടുന്ന, സാമ്പത്തികമായി കൃഷി പ്രയോജനകരമാണെന്ന വിശ്വാസം ഉടലെടുക്കുന്ന, സാമൂഹികമായ പശ്ചാത്തലം മാറുന്ന ............ ഇതല്ലേ സംഭവിച്ചത്, സംഭവിച്ചുകൊണ്ടിരിക്കുന്നത്? തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വളർത്തിയെടുത്ത പശ്ചാത്തലവും കൂട്ടായ്മയും കൃഷി വകുപ്പിന്റെയടക്കമുള്ള വിവിധ വകുപ്പുകളുടെ സംയോജനവും താഴെത്തട്ടിൽ ഉറപ്പുവരുത്തുവാൻ കാർഷികരംഗത്തുണ്ടാകുന്ന ഉണർവ് ശ്രദ്ധേയമാണ്.

ഇതെല്ലാം അറിയാൻ തൃശ്ശൂർക്കാർ വേറെയെവിടെയും പോകേണ്ടതില്ല. വടക്കാഞ്ചേരിയിലെ കാർഷികരംഗത്തെ പ്രവർത്തനങ്ങൾ ഇന്ത്യക്കൊട്ടാകെ മാതൃകയായി മാറിക്കഴിഞ്ഞു.

കുറച്ചു മുമ്പ് ഞാൻ പറഞ്ഞുനിർത്തിയ ഒരു കാര്യമുണ്ട് - ഡോ. ശ്യാമസുന്ദരൻ നായർ ചേർന്ന് എഴുതിയ 'കേരളത്തിന്റെ സമ്പത്ത്' എന്ന പുസ്തകത്തിൽ പ്രതിപാദിച്ചത് നമ്മുടെ കൃഷിയിടങ്ങൾക്ക് കൂടുതൽ അധ്വാനത്തെ ഉൾക്കൊള്ളാനുള്ള കഴിവുണ്ട്. എന്നാൽ, അതിനു മുമ്പെഴുതി നമ്മുടെ കൃഷിയിടങ്ങളിൽ ഇപ്പോൾ തന്നെ താങ്ങാൻ വയ്യാത്തതിലധികം തൊഴിലാളികളുണ്ട്! പരസ്പരവിരുദ്ധമാണോ ഈ വാദങ്ങൾ? "കൂടുതൽ അധ്വാനമെന്നാൽ യന്ത്രങ്ങളുടെ അധ്വാനം എന്നർത്ഥമില്ല. കൂടുതൽ അധ്വാനം വേണം, എന്നാൽ കൂലിത്തൊഴിലാളി വേണ്ടതാനും". അതിനർത്ഥം കൂടുതൽ പേരെ കർഷകരാക്കി മാറ്റുക, കർഷകത്തൊഴിലാളികളെ കർഷകരാക്കി മാറ്റുക. തരിശായി മാറിയ പല കൃഷിയിടങ്ങളും കൃഷിയോഗ്യമാക്കി കൃഷിചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കുകയും ആദായമുണ്ടാക്കുകയും ചെയ്യുന്ന കാർഷിക കർമ്മസേനകളിലൂടെ ഒരു നിശ്ശബ്ദ വിപ്ലവത്തിന്റെ കാഹളം മുഴങ്ങുന്നില്ലേ? ഇത്തരം മാറ്റങ്ങളുടെ സാധ്യത പ്രാദേശികതലങ്ങളിൽ മാത്രമേയുണ്ടാകൂ. ആ സാധ്യത കണ്ടെത്തി പ്രവർത്തിക്കാനായതാണ് അത്തരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേട്ടം. (ഇതൊരു ശാശ്വത മാർഗ്ഗമാണെന്ന് ഞാൻ കരുതുന്നില്ല. ഉടമസ്ഥാവകാശങ്ങളിൽ ഇനിയുമുണ്ടാകേണ്ട മാറ്റങ്ങൾ അവശേഷിക്കുന്നയിടങ്ങൾ ശ്രദ്ധിക്കണം).

കാർഷിക കർമ്മസേനയെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ ഒരു കാര്യം ഞാൻ വ്യക്തമാക്കിയിരുന്നു – "അഭ്യസ്ഥവിദ്യരായ സ്ത്രീയും പുരുഷനും രംഗത്തെത്തി. വിവിധ കാർഷിക യന്ത്രങ്ങളെ ചലിപ്പിക്കുവാൻ പുരുഷനൊപ്പം സ്ത്രീയുമെത്തി". മുൻകാലങ്ങളിൽ കാർഷിവൃത്തിയിൽ സ്ത്രീക്കെതിരെയുള്ള വിവേചനം വളരെ പ്രകടമായിരുന്നു. എന്നാൽ, കാര്യങ്ങൾ ഏറെ മാറിയിരിക്കുന്നു. കുടുംബശ്രീയുടെ ആവിർഭാവവും കാർഷികരംഗത്തേക്കുള്ള അവരുടെ ആഗമനവും സ്ത്രീശാക്തീകരണമെന്നതുപോലെ കേരളത്തിലെ കാർഷികമേഖലയിലും മാറ്റങ്ങൾ വിതച്ചു. കുടുംബത്തിലും സമൂഹത്തിലും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ ലക്ഷ്യമിട്ടുള്ള അവരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. നെല്ല്, പച്ചക്കറി, പഴം, പൈനാപ്പിൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിങ്ങനെയുള്ളവ കൃഷി ചെയ്യുന്നതിലാണ് ശ്രദ്ധയേറെയും. 2016 ലെ സാമ്പത്തികാവലോകന റിപ്പോർട്ട് പ്രകാരം 15078 ഹെക്ടറിലാണവർ നെൽകൃഷി ചെയ്തത്. 12555 ഹെക്ടറിൽ പച്ചക്കറിയും 22476 ഹെക്ടറിൽ മറ്റുള്ളവയും.

കൃഷിയിറക്കി വിളവെടുക്കൽ മാത്രമല്ല കാർഷികമേഖലയെ ശക്തിപ്പെടുത്തൽ കൊണ്ടുദ്ദേശിക്കുന്നത്. ആവശ്യമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്. ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി ഉപയോഗിച്ചാൽ ഇക്കാര്യത്തിൽ ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാനാവും. കേരളത്തെ സംബന്ധിച്ചിടത്തോളം സ്ത്രീകളാണ് തൊഴിലുറപ്പ പദ്ധതിയുടെ മുഖ്യ പ്രവർത്തകർ എന്നതുതന്നെയാണ് ഭാവിയിലെ കാർഷികമേഖലയുടെ വളർച്ചയിൽ അവരുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്. ശാസ്ത്രീയമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനരീതി അവലംബിച്ച് തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തുകയാണ് ഇതിനാവശ്യം. കേവലം 'തൊഴിലുറപ്പ് തൊഴിലാളി'യെന്നതിലപ്പുറം മണ്ണ്-ജലസംരക്ഷണ നീർത്തട വികസന വിദഗ്ധരെന്ന നിലയിലേക്കുള്ള അവരുടെ സ്ഥാനക്കയറ്റത്തിലൂടെ മാത്രമേ അതു സാധ്യമാകൂ.

ഇവിടെയാണ് കേരളത്തിലെ കാർഷികമേഖലയുടെ വളർച്ചയിൽ സ്ത്രീകളുടെ പ്രാധാന്യം അരക്കിട്ടുറപ്പിക്കുവാനുതകുന്ന മറ്റൊരു ഇടപെടൽ ശ്രദ്ധേയമാകുന്നത് - മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.ഐ.എസ്.പി.). ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി ആരംഭിച്ച സ്ത്രീശാക്തീകരണ നെൽകൃഷി വികസന പരിപാടി നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. യന്ത്രവത്കൃത നെൽകൃഷി സമ്പ്രദായങ്ങൾ സ്ത്രീകളെ പരിശീലിപ്പിച്ച് അവരെ ഉൾപ്പെടുത്തി ലേബർ ബാങ്കുകൾ രൂപീകരിക്കുകയും കർഷകർക്ക് മിതമായ നിരക്കിൽ സേവനം ലഭ്യമാക്കി തകർന്നുകൊണ്ടിരിക്കുന്ന നെൽകൃഷി പുനരുദ്ധരിക്കുകയുമാണ് ലക്ഷ്യം. തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സ്കീമുകൾ എന്നിവയുടെയെല്ലാം സംയോജനം സാധ്യമാക്കിയാണ് പ്രവർത്തനം. ഇതിനു നമ്മൾ ദൂരെയെങ്ങും പോകേണ്ട - പാലക്കാട്ടും മലപ്പുറത്തുമെന്നതുപോലെ തൃശ്ശൂരിലും ഈ പദ്ധതി ഫലപ്രാപ്തിയിലേക്കു നീങ്ങുന്നു. സ്ത്രീശാക്തീകരണത്തിനൊപ്പം കാർഷികാഭിവൃദ്ധിയും!

ഇനിയെന്ത് എന്ന ചോദ്യവും പ്രസക്തമാണ്. മറ്റു പല ഇടപെടലുകൾ പോലെ ഇവയും മുരടിക്കാനോ മറക്കപ്പെടാനോ സാധ്യതയില്ലേ? നിരന്തരമായി മാറ്റങ്ങളിലൂടെ പുതിയ രീതികൾ കണ്ടെത്തി കൂടുതൽ മെച്ചപ്പെടുത്തലുകളിലേക്ക് നീങ്ങിയേ മതിയാകൂ. കാർഷിക സർവ്വകലാശാലയുടെ ഉത്തരവാദിത്തമിവിടെയാണ്.

**ചില സൂചനകൾ മാത്രം നൽകാം.**

- കാലാവസ്ഥ വ്യതിയാനം കാർഷികമേഖലയിൽ ഉയർത്തുന്ന വെല്ലുവിളികൾ - എങ്ങനെ നേരിടാമെന്ന ശാസ്ത്രീയ നടപടികളുമായി തദ്ദേശഭരണ സ്ഥാപനങ്ങളെയും മേൽ സൂചിപ്പിച്ച സ്ത്രീ കൂട്ടായ്മകളെയും സഹായിക്കുക.
- കൃഷിയിറക്കുമ്പോൾ മുതൽ കമ്പോളത്തിലെത്തുമ്പോൾ വരെയുള്ള ഓരോ ഘട്ടത്തിലും മെച്ചപ്പെടുത്തലുകളുടെ സാധ്യതകൾ അവലോകനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക (value chain analysis and development). ഇനി വരാൻപോകുന്ന മുരടിപ്പിനെ നേരിടാൻ ഇതു തന്നെയാണ് മാർഗ്ഗം.
- ലേബർ ബാങ്കുകളുടെയും പ്രൊഡ്യൂസർ കമ്പനികളുടെയും നടത്തിപ്പിനാവശ്യമായ നൂതനമായ മാനേജ്മെൻറ് സംവിധാനങ്ങൾ പരിചയപ്പെടുത്തി പരിശീലിപ്പിക്കുക.
- വിവിധ സ്കീമുകളെയും പരിപാടികളെയും സംയോജിപ്പിച്ചുള്ള സമഗ്ര കാർഷിക പദ്ധതി തയ്യാറാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കൊപ്പം ചേരുക.
- നവകേരള സൃഷ്ടിക്കായി സംസ്ഥാനമൊരുങ്ങുമ്പോൾ സർവ്വകലാശാലയിലെ ക്ലാസ് മുറികളിൽ നിന്നുമിറങ്ങി പഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങളിൽ പങ്കാളികളായുള്ള ഒരു പഠന സമ്പ്രദായത്തിനു തുടക്കം കുറിക്കുക. നിങ്ങൾക്കാവശ്യമായ എല്ലാ ലബോറട്ടറി പ്രവർത്തനങ്ങൾക്കുമുള്ള ഇടമുണ്ട് പഞ്ചായത്തുകളിലിന്ന്!

- കുടുംബശ്രീയും എം.കെ.എസ്.പി.യും കാർഷിക കർമ്മസേനയുമെല്ലാം കാത്തിരിക്കുന്ന ആധുനിക ശാസ്ത്രത്തിന്റെ അറിവുകൾ അവർക്കു പകർന്നു നൽകുക. തമിഴ്നാട്ടിലെ കൃഷ്ണഗിരി തുടങ്ങിയ ജില്ലകളിൽ തമിഴ്നാട് കാർഷിക സർവ്വകലാശാല നടത്തിയ ഇടപെടലുകൾ പകർത്താവുന്നതാണ്.

അതു തന്നെയല്ലേ ഡോ. ശ്യാമസുന്ദരൻ നായർ സ്വപ്നം കണ്ടത് – 'യഥാർത്ഥ കൃഷിക്കാരന്റെ അനുഭവങ്ങളും ആധുനിക ശാസ്ത്രത്തിന്റെ അറിവുകളും സമന്വയിക്കപ്പെടുമ്പോൾ, കൃഷി നിത്യനൂതനമായ ഔന്നിത്യങ്ങളിലേക്ക് നീങ്ങിത്തുടങ്ങും. ഇത്തരമൊരു സാഹചര്യത്തിലേക്കുള്ള പ്രയാണത്തിനു സഹായകമാകണം' ഈ അനുസ്മരണ ചടങ്ങും.

…………